**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 128** **01-02-2023 - ൽ മറുപടിയ്ക്ക്**

**കഞ്ചാവ്, ലഹരി മാഫിയ അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഞ്ചാവ് മാഫിയയുടെ അതിക്രമങ്ങളെ കുറിച്ച് കോട്ടയം നീണ്ടൂർ റോഡിൽ കള്ളുഷാപ്പ് നടത്തുന്ന പ്രവാസി വ്യവസായി സമൂഹമാധ്യമങ്ങളിലൂടെ പരാതി ഉന്നയിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | പ്രവാസി സംരഭകനായ ശ്രീ.ജോർജ്ജ് വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള അതിരമ്പുഴ മുള്ളുവേലിപ്പടി ഭാഗത്ത് കിഴക്കേച്ചിറ കള്ള് ഷാപ്പിൽ അതിക്രമം നടത്തിയതുമായി ബന്ധപ്പെട്ട് ഏറ്റുമാനൂർ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ (ക്രൈം നം. 2005/2022 u/s 452, 393, 506(ii), 294(b), 427, 34 IPC, കൂടാതെ ക്രൈം നം. 2006/2022 u/s 294(b), 308, 324, 323, 506(i), 427, 34 IPC പ്രകാരം) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു.<br><br>15.01.2023-ൽ പരാതിക്കാരന്റെ സ്ഥാപനത്തിൽവെച്ചുണ്ടായ സംഭവുമായി ബന്ധപ്പെട്ട് ക്രൈം നം.65/23 u/s 294(b), 323, 324, 427 IPC പ്രകാരവും ക്രൈം നം. 76/2023 u/s 294(b), 323, 341, 34 IPC പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| (ബി) | ലഹരി ഗുണ്ടാ സംഘങ്ങളുടെ അതിക്രമങ്ങൾ മൂലം കേരളത്തിൽ സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിനും ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനും ആഭ്യന്തരവകുപ്പ് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | ലഹരി ഗുണ്ടാ സംഘങ്ങളുടെ അതിക്രമങ്ങൾ മൂലം കേരളത്തിൽ സംരംഭങ്ങൾ നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യം നിലവിൽ ഇല്ല. ജനങ്ങളുടെ സ്വൈര്യ ജീവിതം ഉറപ്പാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. സംസ്ഥാനത്ത് ഗുണ്ടകൾ, മറ്റ് സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഘങ്ങൾ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങൾ ആണ്. അതാത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC യുടെ ഉദ്ദേശ്യ ലക്ഷ്യം. ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്.<br><br>സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും, അവർക്കെതിരെ, കാര്യക്ഷമമായ, നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് കാപ്പ നിയമ പ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ